# ഹോളീ ശബ്ദത്തിന്റെ അർത്ഥസ്വരൂപത്തിൽ സ്ഥിതി ചെയ്യുക എന്നാൽ ബാപ് സമാനമാകുക.

ഇന്ന് ബാപ്ദാദ ലോകത്തിലെ ഏറ്റവും പവിത്രമായവരും, ഏറ്റവും ഉന്നതിയിലുള്ളവരും, ഏറ്റവും സമ്പന്നരുമായ കുട്ടികളെ നാലു ഭാഗത്തും കണ്ടു കൊണ്ടിരിക്കുന്നു. സാകാരരൂപത്തിൽ സമീപമിരിക്കുന്നവരായാലും, ദൂരെ ഇരുന്ന് ഹൃദയത്താൽ സമീപമിരിക്കുന്നവരായാലും - നാലുഭാഗത്തുമുള്ള കുട്ടികളെ കണ്ട് ഹർഷിതമായി ഇരിക്കുന്നു. ഓരോ കുട്ടിയും അത്രയും പവിത്രമായി മാറിയിട്ടുണ്ട് മുഴുവൻ കൽപ്പത്തിലും മറ്റാരും തന്നെ മഹാന് പവിത്ര ആത്മാവായി മാറിയിട്ടില്ല, മാറാൻ സാധിക്കുകയും ഇല്ല. സമയാനുസരണം ധർമ്മാത്മാക്കളും, മഹാൻ ആത്മാക്കളും, പവിത്രമായി ഇരിക്കുന്നുണ്ട് എന്നാൽ അവരുടെ പവിത്രതയും നിങ്ങളുടെ പവിത്രതയും തമ്മിൽ വ്യത്യാസമുണ്ട്. ഈ സമയം നിങ്ങൾ പവിത്രമായി മാറുന്നു, ഈ പവിത്രതയുടെ പ്രാപ്തി അതവാ പ്രാലബ്ധം ഭാവിയിൽ അനേക ജന്മം വരെ ശരീരം-മനസ്-ധനം, സംബന്ധ സംബർക്കം, എന്നിവയോടൊപ്പം ആത്മാവും പവിത്രമാണ്. ശരീരവും പവിത്രമാണ് ആത്മാവും പവിത്രമാണ്- ഇങ്ങനെയുള്ള പവിത്രത നിങ്ങൾ ആത്മാക്കൾ പ്രാപ്തമാക്കുന്നു. മനസ് - വാക്ക്- കർമ്മം മൂന്നും പവിത്രമായി മാറുന്നത് കൊണ്ടാണ് ഇങ്ങനെയുള്ള പ്രാലബ്ധം പ്രാപ്തമാകുന്നത്. അതിനാൽ ഇങ്ങനെയുള്ള ഏറ്റവും പവിത്രമായ ആത്മാക്കളാണ്. സ്വയം ഇങ്ങനെയുള്ള ഏറ്റവും പവിത്രമായ ആത്മാവാണ് എന്ന് മനസിലാക്കുന്നുണ്ടോ. ഇപ്പോൾ ആയി തീർന്നിട്ടുണ്ടോ അതോ ആയി കൊണ്ടിരിക്കുകയാണോ. ആകുക സഹജമാണോ അതോ കുറച്ച് കുറച്ച് പ്രയാസമുണ്ടോ. എന്നാൽ കൽപ്പം മുമ്പ് ആയിട്ടുണ്ട് ഇപ്പോഴും ആയി തീരണം. ഉറപ്പുള്ളതാണോ അതോ കുറച്ച് കുറച്ച് പോകുന്നുണ്ടോ. അരുത്. സ്വപ്നത്തിലെ അപവിത്രത പോലും സമാപ്തമാകണം, ഇന്ന് ആയി കൊണ്ടിരിക്കുന്നു നാളെ ആയി കൊണ്ട് തന്നെ പോകും എന്ന നിശ്ചയമില്ലേ. അതിനാൽ ഏറ്റവും പവിത്രവുമാണ്, ഏറ്റവും ഉയർന്നതുമാണ്.

ഉയർന്നതിലും ഉയർന്ന ബാബയുടെ മക്കൾ ഉയർന്നതിലും ഉയർന്നവരാണ്. ഉന്നതിയിൽ എത്തുന്നു അപ്പോൾ പൂജ്യരും ആകുന്നു. ഇന്നത്തെ ഉന്നതരായ ആത്മാക്കളാകട്ടെ, ഉന്നത രാജാക്കന്മാരായാലും, ഇപ്പോഴല്ല. പ്രസിഡന്റായാലും, പ്രധാനമന്ത്രിയായാലും അവർ പൂജ്യരാകുന്നില്ല. താങ്കൾ പൂജ്യരായി തീരുന്ന ആത്മാക്കൾക്ക് മുന്നിൽ പൂജാരിയായി നമസ്ക്കരിക്കുകയും, ഭജനപാടുകയും ചെയ്യുന്നു. ഇപ്പോൾ സ്വരാജ്യാധികാരിയായി തീരുന്നു, ഭാവിയിൽ രാജാക്കന്മാരുടേയും രാജാവായി തീരുന്നു. ഇങ്ങനെയുള്ള ഉയർന്ന പദവി നേടുന്നു. കൂടെ ലോകത്തിലെ ഏറ്റവും സമ്പന്നനും ആണ്. നിങ്ങളുടെ പേര് തന്നെ അളവറ്റ സമ്പത്തിന്റെ ഉടമ എന്നാണ്. ഇങ്ങനെയുള്ള ഖജനാവാണ്, ഇത് ബില്യൺ സമ്പത്തിനുടമകളായവരിൽ നിന്നും, ട്രില്യൻ സമ്പത്തിന് ഉടമകളായവരിൽ നിന്നും പോലും ലഭിക്കുകയില്ല. നിങ്ങൾ ശ്രേഷ്ഠ ആത്മാക്കൾ ബാബയിലൂടെ ഇങ്ങനെയുള്ള ഭാഗ്യം ഉണ്ടാക്കി കൊണ്ടിരിക്കുന്നു, അനുഭവം ചെയ്യുകയും വർണിക്കുകയും ചെയ്യുന്നു ഞങ്ങളുടെ ചുവടുകളിൽ കോടികളാണ്. ചുവടു ചുവടുകളിൽ കോടികളാണോ അതോ നൂറാണോ, ആയിരമാണോ. ഇങ്ങനെ വേറൊരു മില്ലേനിയർക്കും ഇത്രയും സമ്പാദിക്കുക സാധ്യമല്ല. ചുവട് വെക്കാൻ എത്ര സമയം എടുക്കും. ചുവടുയർത്തൂ. എത്ര സമയം എടുക്കുന്നു. സെക്കന്റ്. പോട്ടെ രണ്ട് സെക്കന്റ് എന്ന് പറയാം രണ്ട് സെക്കന്റ് എന്ന് പറഞ്ഞാൽ രണ്ട് സെക്കന്റിൽ കോടി, എങ്കിൽ മുഴുവൻ ദിവസത്തിലും എത്ര കോടിയായി. കണക്ക് കൂട്ടൂ. ഒരു ദിവസത്തിൽ ഇത്രയും സമ്പാദിക്കാൻ കഴിയുന്ന ഏതെങ്കിലും മില്ലേനിയർ ഉണ്ടോ. അങ്ങനെ ആരെങ്കിലും ഉണ്ടാകുമോ. എങ്കിൽ ലോകത്തിലെ ഏറ്റവും വലിയ ധനവാനല്ലേ. നിങ്ങളുടെ ഖജനാവ് ഇങ്ങനെയുള്ളതാണ് അത് അഗ്നിക്ക് കത്തിക്കാൻ സാധിക്കില്ല, വെള്ളത്തിന് മുക്കി കളയാൻ കഴിയില്ല, കള്ളന് മോഷ്ടിക്കാൻ കഴിയില്ല, ഭരണാധികാരിക്ക് എടുക്കാനും കഴിയില്ല. ഇങ്ങനെയുള്ള ഖജനാവ് ഈ പുരുഷോത്തമ സംഗമയുഗത്തിൽ തന്നെയാണ് പ്രാപ്തമാകുന്നത്. എങ്കിൽ നിങ്ങളുടെ ഇങ്ങനെയുള്ള സ്വമാനം ഓർമ്മയിൽ ഉണ്ടോ. ഉണ്ടോ ഇല്ലയോ. പിറകിലുള്ളവർ കൈ ഇളക്കുന്നുണ്ട്. പിറകിലുള്ളവർ സുഖമായി അല്ലേ ഇരിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നനല്ലേ അപ്പോൾ സുഖം തന്നെ സുഖം. ഏറ്റവും വലിയ യൂണിവേഴ്സിറ്റികളിൽ പോലും പഠിത്തം പഠിക്കുന്നതിനായി ഇങ്ങനെയുള്ള ഇരിപ്പിടങ്ങളിൽ ഇരിക്കുന്നില്ല, എന്നാൽ നിങ്ങൾ ദരിദ്രനാണെങ്കിലും രാജകുമാരനുമാണ്. ദരിദ്രനും ആണ് രാജകുമാരനുമാണ്. സർവ ത്യാഗം എന്നാൽ ദരിദ്രൻ. സർവ പ്രാപ്തികൾ എന്നാൽ രാജകുമാരൻ. ത്യാഗം ഇല്ലാതെ ഇത്രയും വലിയ ഭാഗ്യം ലഭിക്കുക സാധ്യമല്ല. ത്യാഗത്തിലൂടെ തന്നെയാണ് ഭാഗ്യം ലഭിച്ചത്.ശരീരം-മനസ്-ധനം, സംബന്ധം, എല്ലാം ത്യാഗം ചെയ്തു അർത്ഥം പരിവർത്തനം ചെയ്തു. ശരീരം എന്റെ എന്നതിന് പകരം നിന്റെ എന്നാക്കി. മനസ്, ധനം, സംബന്ധം ഒരു വാക്ക് പിരവർത്തനപ്പെടുത്തിയതിലൂടെ എന്റെ എന്നതിന് പകരം നിന്റെ എന്നായി, ഒരു വാക്കിന്റെ പരിവർത്തനമാണ് എന്നാൽ ഈ ത്യാഗത്തിലൂടെ ഭാഗ്യത്തിന്റെ അധികാരിയായി മാറി. എങ്കിൽ

ഈ ഭാഗ്യത്തിന് മുന്നിൽ ത്യാഗം എന്താണ്. ചെറിയ കാര്യമാണോ അതോ വലിയതാണോ. ഇടയ്ക്കിടക്ക് വലിയ കാര്യമാകുന്നുണ്ട്. നിന്റേ എന്ന് പറയുക എന്നാൽ വലിയ കാര്യത്തെ ചെറുതാക്കുക, എന്റെ എന്ന് പറയുന്നത് ചെറിയ കാര്യത്തെ വലുതാക്കുക. എന്ത് തന്നെ സംഭവിച്ചാലും, 100 ഹിമാലയത്തേക്കാൾ വലിയ സമസ്യ വന്നാലും നിന്റെ എന്ന് പറയണം പർവതത്തെ പഞ്ഞിയാക്കണം, കടുകു പോലും അല്ല. പഞ്ഞി സെക്കന്റിൽ പറക്കുന്നു. വെറുതെ നിന്റെ എന്ന് പറയാം എന്ന് അംഗീകരിക്കേണ്ട, അംഗീകരിച്ചാൽ മാത്രം പോര നടക്കണം. ഒരു അക്ഷരത്തിന്റെ പരിവർത്തനം എളുപ്പം തന്നെ അല്ലേ! നേട്ടവും ഉണ്ട്, നഷ്ടം ഉണ്ടാകുന്നേ ഇല്ല. നിന്റെ എന്ന് പറയുന്നതിലൂടെ സർവ ഭാരവും ബാബയ്ക്ക് നൽകി. നിന്റെ എന്നത് നിങ്ങൾക്ക് മാത്രമേ അറിയൂ. നിങ്ങൾ നിമിത്തം മാത്രമാണ്. ഇതിൽ നേട്ടമില്ലേ. വേറിട്ടവരും, പരമാത്മാവിന് പ്രിയപ്പെട്ടവരുമായി. ആരാണോ പരമാത്മാവിന് പ്രിയപ്പെട്ടവരാകുന്നത് അവർ വിശ്വത്തിന് പ്രിയപ്പെട്ടവരാകുന്നു. ഭാവിയിലെ മാത്രം പ്രാപ്തിയല്ല, വർത്തമാന സമയത്തും ഉണ്ട്. ഒരു സെക്കന്റിൽ അനുഭവം ചെയ്തിട്ടുണ്ട്, ചെയ്ത് നോക്കൂ. എന്ത് കാര്യം സംഭവിച്ചാലും നിന്റെ എന്ന് പറയൂ, സ്വീകരിക്കൂ നിന്റെ എന്ന് മനസിലാക്കി ചെയ്യൂ എങ്കിൽ ഭാരം കുറയുന്നുണ്ടോ, ഇല്ലയോ എന്ന് നോക്കൂ. അനുഭവം ഇല്ലേ. എല്ലാം അനുഭവികളല്ലേ ഇരിക്കുന്നത്! എന്താണ് സംഭവിക്കുന്നത്, എന്റെ എന്റെ എന്ന് പറഞ്ഞ് വളരെ കാലത്തെ ശീലമല്ലേ, 63 ജന്മത്തെ ശീലമാണ്, അതിനാൽ നിന്റെ നിന്റെ എന്ന് പറഞ്ഞ് വീണ്ടും എന്റെ എന്ന് പറയുന്നു എന്റെ എന്നത് അംഗീകരിക്കുന്നു, ആ കാര്യം ഒരു മണിക്കൂറിലോ, രണ്ട് മണിക്കൂറിലോ, ഒരു ദിവസത്തിലോ പൂർത്തിയാകുന്നു എന്നാൽ നിന്റെ എന്നത് എന്റെ എന്നാക്കിയതിന്റെ ഫലം വളരെ നീണ്ട് നിൽക്കുന്നു. കാര്യം അരമണിക്കൂറിന്റേതാകാം എന്നാൽ പശ്ചാത്താപ രൂപത്തിലോ, പരിവർത്തനം ചെയ്യണം എന്ന ലക്ഷ്യത്തിലോ ഈ കാര്യം വീണ്ടും വീണ്ടും ഓർമ്മയിൽ വരുന്നു. അതിനാൽ ബാബ എല്ലാ കുട്ടികളോടും പറയുന്നു എന്റെ എന്ന ശബ്ദത്തിനോട് സ്നേഹമുണ്ട്, ശീലമുണ്ട്, സംസ്ക്കാരമുണ്ട്, പറയണം എന്നാണെങ്കിൽ എന്റെ ബാബ എന്ന് പറയൂ. ശീലം കൊണ്ട് നിർബന്ധിതമാകുകയല്ലേ. അതിനാൽ എപ്പോൾ എന്റെ എന്റെ വന്നോ അപ്പോൾ എന്റെ ബാബാ എന്ന് പറഞ്ഞ് അവസാനിപ്പിക്കൂ. അനേകം എന്റേതിനേ ഒരു എന്റെ ബാബയിൽ ചേർത്ത് വെയ്ക്കൂ.

റഷ്യയിലുള്ളവർ ഒരു പാവ കൊണ്ട് വന്നില്ലേ, ഒരു പാവയിൽ മറ്റൊരു പാവ... . ഇത് പോലെ നിങ്ങളും ഒരു എന്റെ ബാബയിൽ അനേക എന്റേതിനെ ഉൾക്കൊള്ളിക്കൂ, കഴിഞ്ഞു. ഇത് ചെയ്യാൻ കഴിയുമോ. ചെയ്യുന്നുണ്ട് എന്നാൽ ഇടയ്ക്കിടെ എന്റെ എന്നതിന്റെ വിസ്താരത്തിലേക്ക് പോകുന്നുണ്ട്. ഇപ്പോൾ ഇടയ്ക്കിടെ എന്നാണ്, സദാ എന്റെ എന്നത് നിന്റേതാക്കുന്നതിൽ നമ്പർക്രമമാണ്. നമ്പർ വൺ ഉണ്ട്, എ വൺ ഉണ്ട് എന്നാൽ പിന്നിലെ നമ്പറിൽ ഉള്ളവരും ഉണ്ട്. ഹോളി ആഘോഷിക്കുവാൻ വന്നതല്ലേ. എങ്കിൽ ഈ മന്ത്രം ഓർമ്മിക്കൂ. ഞാൻ ബാബയുടേതായി (ഹോ ലീ) ആയി തീർന്നു. പരമാത്മാ പരിവാരത്തിന്റെ ഹോ ലീ അർത്ഥം ആയി തീർന്നു. ഇങ്ങനെയുള്ള ഹോളി ആഘോഷിച്ചുവോ. ഇനി എന്ത് ചെയ്യണം. ഇനി കത്തിക്കണം അതോ കത്തിച്ച് കളഞ്ഞുവോ. ഇതിൽ അതെ എന്ന് പറയുന്നില്ല, ആലോചിക്കുന്നു.

നോക്കൂ ഭക്തിമാർഗത്തിൽ ഏതെല്ലാം ഉത്സവങ്ങളുണ്ടോ, ഓർമ്മചിഹ്നങ്ങൾ ഉണ്ടോ അവയെല്ലാം എന്തെങ്കിലും അർത്ഥത്തിൽ ഉണ്ടാക്കിയതാണ്. ആദ്യം കത്തിക്കണം പിന്നീട് ആഘോഷിക്കണം. ആദ്യം ആഘോഷിച്ച് പിന്നീട് കത്തിക്കുകയല്ല. ആദ്യം ഭസ്മമാക്കൂ, അശുദ്ധിയെ, ദുർബലതകളെ, മോശമായവയെ കത്തിക്കൂ പിന്നീട് ആഘോഷിക്കൂ. നിങ്ങൾ ആദ്യമേ കത്തിച്ചില്ലേ, അതോ ഇപ്പോഴും ദുപ്പട്ടയുടെ ഒരു കോൺ ബാക്കിയുണ്ടോ. പാണ്ഡവർ ഷർട്ടിന്റെ അല്ലെങ്കിൽ എന്ത് വസ്ത്രമാണോ ധരിച്ചിരിക്കുന്നത് അതിന്റെ ഒരു ഭാഗം ബാക്കി വെച്ചിട്ടുണ്ടോ. സാരിയുടെ കുറച്ച് ഭാഗം ബാക്കിയില്ലല്ലോ. വാസ്തവത്തിൽ നോക്കൂ ആത്മീയ ആഘോഷങ്ങൾ ആഘോഷിക്കുകയും, ആ ആഘോഷങ്ങളിൽ നിന്നും ശക്തി, അതീന്ദ്രിയ സുഖം എന്നിവ അനുഭവിക്കുകയും ചെയ്യണമെങ്കിൽ ആദ്യം കത്തിക്കണം. മനസിനെ സന്തോഷിപ്പിക്കാൻ ചെയ്യുന്നത് വേറെ കാര്യം. സംഗമയുഗം ആനന്ദിക്കാനുള്ള യുഗമാണ്, അതിനാൽ മനസിനെ രസിപ്പിക്കാനുള്ള രീതിയിലും ആഘോഷിക്കുന്നു, ആഘോഷിക്കൂ, ധാരാളം ആഘോഷിക്കൂ. എന്നാൽ പരമാത്മാ നിറത്തിൽ നിറം ചാർത്തുക എന്നാൽ ബാബയ്ക്ക് സമാനമാകുക. ഇതാണ് നിറത്തിലെ നിറം ചാർത്തൽ. ഏത് പോലെ ബാബ അശരീരിയാണോ, അവ്യക്തമാണോ അത് പോലെ അശരീരീ സ്ഥിതിയുടെ അനുഭവം ചെയ്യുക അല്ലെങ്കിൽ അവ്യക്ത ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യുക – ഇതാണ് നിറത്തിൽ നിറം ചാർത്തുക. കർമ്മം ചെയ്യൂ എന്നാൽ അവ്യക്തഫരിസ്തയായി കർമ്മം ചെയ്യൂ. എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ അശരീരീ സ്ഥിതിയുടെ അനുഭവം ചെയ്യൂ. ഇങ്ങനെ മനസും ബുദ്ധിയും നിങ്ങളുടെ കൺട്രോളിൽ വരും. ഓർഡർ ചെയ്യൂ – അശരീരി ആകൂ . ഓർഡർ ചെയ്തു ആയി തീർന്നു. ഫരിസ്തയായി മാറും. മനസിനെ എപ്പോൾ എവിടെ ഏത് സ്ഥിതിയുൽ നിർത്താൻ ആഗ്രഹിക്കുന്നുവോ അവിടെ സെക്കന്റിൽ സ്ഥിതി ചെയ്യൂ. കൂടുതൽ സമയം എടുക്കുകയില്ല, 5 സെക്കന്റ് എടുക്കും, അല്ലെങ്കിൽ 2 സെക്കന്റ്. ഓർഡർ ചെയ്തില്ല, കൺട്രോളിൽ ഇരുന്നില്ല. എങ്ങനെയുള്ള പരിതസ്ഥിതി ആയാലും, ഇളക്കങ്ങൾ ഉണ്ടാ

യാലും, എന്നാൽ ഇളക്കങ്ങളിലും അചഞ്ചലരായിരിക്കൂ. ഇങ്ങനെയുള്ള കൺട്രോളിംഗ് പവർ ഉണ്ടോ. അതോ അശരീരിയാകൂ.. അശരീരിയാകൂ, എന്ന് ചിന്തിച്ച് ചിന്തിച്ച് സമയം പോയോ. ചില കുട്ടികൾ വിവിധ തരത്തിലുള്ള പോസുകൾ മാറി കൊണ്ടിരിക്കുന്നു, ബാബ കണ്ട് കൊണ്ടിരിക്കുന്നു. അശരീരി ആകാം എന്ന് ചിന്തിക്കുന്നു, പിന്നീട് അശരീരി എന്നാൽ ആത്മ രൂപത്തിൽ സ്ഥിതി ചെയ്യൽ എന്ന് ചിന്തിക്കുന്നു, ഞാൻ ആത്മാവാണ്, ശരീരം തന്നെ ഇല്ല, ആത്മാവ് തന്നെയാണ്. ഞാൻ വന്നതും ആത്മാവായാണ്, ആ കേണ്ടതും ആത്മാവാണ്..... ഈ ചിന്തയിൽ അശരീരി ആയോ അതോ അശരീരിയാകാനുള്ള യുദ്ധം ചെയ്തോ. സെക്കൻറിൽ അശരീരിയാകൂ എന്ന് തന്റെ മനസിന് ഓർഡർ കൊടുത്തു, ഇങ്ങനെ പറഞ്ഞിട്ടില്ലല്ലോ എന്ന് ചിന്തിക്കൂ– അശരീരി എന്താണ്, എപ്പോൾ അശരീരിയാകും, എങ്ങനെയാകും. ഓർഡർ അനുസരിച്ചില്ലല്ലോ, കൺട്രോളിംഗ് പവർ ഉണ്ടായില്ല അല്ലേ! ഇപ്പോൾ സമയമനുസരിച്ച് ഈ അഭ്യാസത്തിന്റെ ആവശ്യകതയുണ്ട്. നിയന്ത്രണ ശക്തി ഇല്ലാ എങ്കിൽ ചില പരിസ്ഥിതികൾ ഇളക്കത്തിൽ കൊണ്ട് വരുന്നു അതിനാൽ ഒരു ഹോളീ ശബ്ദം ഓർമ്മിക്കുകയാണെങ്കിലും നല്ലതാണ്. ഹോലീ – കഴിഞ്ഞത് കഴിഞ്ഞു, ഹോ ലീ – ബാബയുടേതായി മാറി കഴിഞ്ഞു. വേറെ എന്തായി മാറി. ഹോളീ അർത്ഥം പവിത്ര ആത്മാവായി മാറി. ഹോളീ എന്ന ഒരു വാക്ക് ഓർമ്മിക്കുമ്പോൾ ഒരു ഹോളീ എന്ന വാക്കിന്റെ മൂന്ന് അർത്ഥങ്ങൾ ഉപയോഗിക്കൂ, വർണ്ണിക്കരുത്, ഹോളീ എന്നാൽ കഴിഞ്ഞത് കഴിഞ്ഞു . ശരിയാണ് കഴിഞ്ഞത് കഴിഞ്ഞു – ഇങ്ങനെ ചിന്തിച്ച് കൊണ്ടിരിക്കരുത്, വർണ്ണിക്കരുത്. അർത്ഥ സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ. ചിന്തിച്ചു ആയി തീർന്നു. ഇങ്ങനെ ചിന്തിച്ചില്ല എങ്കിൽ ചിന്തയിൽ തന്നെ കുടുങ്ങി കിടക്കും. അങ്ങനെയാകരുത്. എന്ത് ചിന്തിച്ചുവോ അത് സംഭവിച്ചു, ആയി തീർന്നു. സ്ഥിതിയിൽ സ്ഥിതി ചെയ്തു. (ബാപദാദ ഡ്രിൽ ചെയ്യിച്ചു)

ഇപ്പോൾ സമയമനുസരിച്ച് നിങ്ങൾ ഓരോരുത്തരും നിമിത്തമായി തീർന്നു, സദാ ഓർമ്മയിലും സേവനത്തിലും ഇരിക്കുന്ന ആത്മാക്കൾക്ക് സ്വപരിവർത്തനത്തിലൂടെ വിശ്വപരിവർത്തനത്തിന്റെ വൈബ്രേഷൻ ശക്തിശാലിയും, തീവ്രഗതിയുള്ളതുമായി വർദ്ധിപ്പിക്കണം. നാലുഭാഗത്തും മനസിന്റെ ദുഃഖം, അശാന്തി, മനസിന്റെ പ്രയാസങ്ങൾ എന്നിവ വളരെ തീവ്രഗതിയിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ബാപദാദയ്ക്ക് വിശ്വത്തിലെ ആത്മാക്കളോട് ദയ തോന്നുന്നു. അതിനാൽ എത്ര തീവ്രഗതിയിൽ ദുഃഖത്തിന്റെ അലകൾ വ്യാപിക്കുന്നുവോ അത്രയും തന്നെ താങ്കൾ സുഖദാതാവിന്റെ മക്കൾ തന്റെ മനസാ ശക്തിയാൽ, മനസാ സേവനം അഥവാ സാകാശ് നൽകുന്ന സേവനത്താൽ, മനോവിചാരത്താൽ സുഖത്തിന്റെ അഞ്ചലിയുടെ അനുഭവം ചെയ്യിക്കൂ. ബാബയെ വിളിച്ചു കൊണ്ടിരിക്കുന്നു എന്നാൽ താങ്കൾ പൂജ്യ ആത്മാക്കളെയും ഏതെങ്കിലും രൂപത്തിൽ വിളിച്ചു കൊണ്ടേയിരിക്കുന്നു. എങ്കിൽ അല്ലയോ ദേവാത്മാക്കളെ, പൂജ്യാത്മാക്കളെ നിങ്ങളുടെ ഭക്ത ആത്മാക്കൾക്ക് സാകാശ് നൽകൂ. ദുഖത്തെ സമാപ്തമാക്കുന്ന എന്തെങ്കിലും കണ്ടു പിടിത്തം വരും എന്ന് സയൻസുക്കാരും ചിന്തിക്കുന്നു. സാധനങ്ങൾ സുഖത്തോടൊപ്പം ദുഖവും നൽകുന്നു, എന്നാൽ ദുഖമുണ്ടാകരുത് സുഖത്തിന്റെ പ്രാപ്തി മാത്രം അതിന്റെ ചിന്ത തീർച്ചയായും ഉണ്ട്. എന്നാൽ സ്വന്തം ആത്മാവിൽ സുഖത്തിന്റെ അനുഭവം ഇല്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങിനെ നൽകാൻ കഴിയും. എന്നാൽ നിങ്ങളെല്ലാവരുടേയും പക്കൽ സുഖം, ശാന്തി, നിസ്വാർത്ഥമായ സത്യമായ സ്നേഹം ഇവയുടേയെല്ലാം ശേഖരമുണ്ട്. ശേഖരണമില്ലേ, അതോ എത്രയും ശേഖരിച്ചോ അത്രയും ചിലവാക്കിയോ. ഇതും പരിശോധിക്കൂ ശേഖരിക്കുന്നതിനൊപ്പം ചിലവായി പോകുന്നും ഇല്ലല്ലോ. ജ്ഞാനത്തിന്റെ ഖജനാവ് ചിലവഴിക്കുന്നതിനനുസരിച്ച് വർദ്ധിക്കുന്നു, കുറയുന്നില്ല. എന്നാൽ വീണ്ടും വീണ്ടും തന്റെ തന്നെ സ്വഭാവസംസ്ക്കാരം അല്ലെങ്കിൽ മായയിലൂടെ വന്ന് കൊണ്ടിരിക്കുന്ന സമസ്യകളിൽ തന്റെ ശക്തികൾ ഉപയോഗിക്കുന്നു എങ്കിൽ ശേഖരണത്തിന്റെ അളവ് കുറയുന്നു. അതിനാൽ പരിശോധിക്കൂ – ശേഖരിച്ചു എന്നാൽ ചിലവാക്കുകയും ചെയ്തു ബാക്കി എത്രയുണ്ട്. സമ്പാദിച്ചു, കഴിച്ചു അങ്ങനെയല്ലല്ലോ. രണ്ട് ദിവസം സമ്പാദിച്ചു ഒരു ദിവസത്തിൽ അത്രയും നഷ്ടപ്പെടുത്തി, എന്തെല്ലാം ശേഖരിച്ചുവോ അത്രയും ചിലവാക്കുക. ഇങ്ങനെയുള്ള കണക്കല്ലല്ലോ. ഇപ്രകാരം സമ്പാദിച്ചു കഴിച്ചു, അല്ലെങ്കിൽ തനിക്ക് വേണ്ടി ഉപയോഗിച്ച് തീർത്തു എങ്കിൽ 21 ജന്മത്തേക്ക് എന്ത് സമ്പാദിച്ചു. ശേഖരിച്ചു വെക്കുമ്പോൾ സന്തോഷം തോന്നുന്നു, എന്നാൽ ചിലവാക്കുന്ന കണക്ക് എടുക്കുന്നില്ല എങ്കിൽ സമയത്ത് വഞ്ചിക്കപ്പെടും. സമ്പാദ്യത്തിന്റെ ശേഖരണം നോക്കൂ എന്നാൽ കൂടെ–കൂടെ തനിക്ക് വേണ്ടി എത്ര ചിലവാക്കി. മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും ഗുണം നൽകി, ശക്തി നൽകി, ജ്ഞാന ഖജനാവ് നൽകി അത് ചിലവാക്കലല്ല, സമ്പാദ്യത്തിന്റെ അക്കൗണ്ടിലേക്ക് കൂട്ടി ചേർക്കലാണ്, എന്നാൽ തനിക്ക് വേണ്ടി സമയം പ്രതി സമയം ചിലവാക്കി കൊണ്ടിരുന്നാൽ അക്കൗണ്ട് കാലിയാകുന്നു, അതിനാൽ നല്ല വിവേകശാലിയായി ചെക്ക് ചെയ്യൂ. സമ്പാദ്യത്തിന്റെ ശേഖരണം വളരെ വിശാലമായിരിക്കണം. സഹജമാണ് ഓരോ ചുവടിലും കോടികൾ സമ്പാദിച്ച് കൊണ്ട് പോകുകയാണെങ്കിൽ സമ്പാദ്യത്തിന്റെ അക്കൗണ്ട് വളരെ വലുതായി മാറും. അതിനാൽ പരിശോധിക്കൂ ഓരോ കർമ്മം അല്ലെങ്കില് ചുവട് ബ്രഹ്മാബാബയ്ക്ക് സമാനം ആണോ. അനുഭവിയാണ്, ഏതെങ്കിലും നല്ല കർമ്മം ചെയ്യുമ്പോൾ കർമ്മത്തിന്റെ ഫലം അതേ സമയം പ്രത്യക്ഷരൂപത്തിൽ

സന്തോഷം, ശക്തി, സഫലത എന്നിവ കാരണം ഡബിൾ ലൈറ്റ് ആയി ഇരിക്കുന്നു കാരണം ബാബയുടെ കൂടെയാണ് കർമ്മം ചെയ്തത് എന്ന ഓർമ്മയുണ്ട്. എന്നാൽ ഇപ്പോൾ എന്തെങ്കിലും വികർമ്മം ഉണ്ടായാൽ അതിന്റെ പശ്ചാത്താപം വളരെ നീണ്ടതായിരിക്കും. ഇപ്പോൾ വികർമ്മങ്ങൾ ഒന്നും തന്നെ ഉണ്ടാകരുത്, ആ സമയമെല്ലാം കഴിഞ്ഞ് പോയി, എന്നാൽ ഇപ്പോൾ യാതൊരു വ്യർത്ഥ സങ്കൽപ്പം, വ്യർത്ഥ കർമ്മം, വ്യർത്ഥ സംസാരം, വ്യര്ത്ഥ സംബന്ധ സംബർക്കം പോലും ഉണ്ടാകരുത് കാരണം വ്യര്ത്ഥ സംബന്ധ സംബർക്കവും വളരെ ചതി നൽകുന്നു. ഏത് പോലെയാണോ സംഘം അത് പോലെ നിറം ചാർത്തപ്പെടുന്നു. ചില കുട്ടികൾ വളരെ സമർത്ഥരാണ് പറയുന്നു ഞാൻ സംഘം ചേരുന്നില്ല, എന്നാൽ അവർ എന്നെ വിടുന്നില്ല, ഞാൻ ചെയ്യുന്നില്ല, അവർ വിട്ട് പോകുന്നില്ല.എന്താ മാറി നിൽക്കാൻ അറിയില്ലേ. എന്തെങ്കിലും മോശമായത് നൽകിയാൽ നിങ്ങൾ എന്തിന് എടുക്കുന്നു! എടുക്കേണ്ട ആൾ എടുത്തില്ല എങ്കിൽ നൽകുന്ന ആൾ എന്ത് ചെയ്യും. അതിനാൽ വ്യർത്ഥ സംബന്ധവും സംബർക്കവും അക്കൗണ്ട് കാലിയാക്കുന്നു. അതേ സമയം ഹൃദയത്തിനുള്ളിൽ വരുന്നു, ഹൃദയം കുത്തുന്നു – ഇത് ചെയ്യരുത്. ചെയ്യാൻ പാടില്ല എന്നിട്ടും ചെയ്യുന്നു. കേൾക്കാൻ ആഗ്രഹിക്കുന്നില്ല എന്നിട്ടും കേട്ടു പോയി എന്ത് ചെയ്യും. എന്നാൽ പുരുഷാർത്ഥിയാണെങ്കിൽ വ്യർത്ഥ കർമ്മവും ഉണ്ടാകില്ല. അലസതയാണെങ്കിൽ കാര്യം തന്നെ വിടൂ, അങ്ങിനെ ആണെങ്കിൽ സുഖമായി പോയി ഉറങ്ങൂ, ത്രേതായുഗത്തിൽ വരൂ. എന്നാൽ പുരുഷാർത്ഥം ഉണ്ടെങ്കിൽ അതേ സമയം മനസിൽ വരുന്നു, ഇത് ചെയ്യരുത് എന്ന് ഹൃദയം വേദനിക്കുന്നു എന്നിട്ടും ചെയ്യുകയാണെങ്കിൽ ബാപ ദാദ പറയുന്നു ഇങ്ങനെയുള്ള കുട്ടികൾ അത്ഭുതമാണ്. ആഗ്രഹമില്ലെങ്കിലും ചെയ്ത് കൊണ്ടിരിക്കുന്നു, ഹൃദയം തിന്നു കൊണ്ടിരിക്കുന്നു  കേട്ട് കൊണ്ടും ഇരിക്കുന്നു, ചെയ്തു കൊണ്ടും ഇരിക്കുന്നു, അതിനാൽ വളരെ ശക്തിശാലീ ആത്മാക്കളാണ്! അതിനാൽ വ്യർത്ഥത്തിന് മുകളിലും ശ്രദ്ധയോടെ പരിശോധന നടത്തൂ. ശരി.

നാലുഭാഗത്തുമുള്ള അത്യന്തം പവിത്രമായ ആത്മാക്കൾക്ക്, സദാ ഉയർന്ന സ്ഥിതിയിലിരിക്കുന്ന അത്യുന്നത ആത്മാക്കൾക്ക്, സദാ സർവ ഖജനാവുകളാലും സമ്പന്നരായ അതി സമ്പന്ന ആത്മാക്കൾക്ക്, സദാ ഓരോ ചുവടിലും കോടികൾ സമ്പാദിക്കുന്ന, ബാബയ്ക്ക് സമാനം ആയി കൊണ്ടിരിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ദയാഹൃദയരായ, ക്ഷമാ സാഗരന്റെ മക്കളായ മാസ്റ്ററായി ക്ഷമ കാണിക്കുന്ന ആത്മാക്കൾക്ക്, വിശ്വത്തിലെ ദുഖികളായ ആത്മാക്കൾക്ക് സാകാശിലൂടെ സുഖ ശാന്തിയുടെ അഞ്ജലി നൽകുന്ന ആത്മാക്കൾക്ക് സദാ സമയം സമ്പാദ്യത്തിന്റെ ശേഖരണത്താൽ നിറഞ്ഞിരിക്കുന്ന അതി തീവ്ര പുരുഷാർത്ഥീ ആത്മാക്കൾക്ക് ബാപ ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം – ഹോളീ ശബ്ദത്തിന്റെ അർത്ഥത്തെ ജീവിതത്തിൽ കൊണ്ട് വന്ന് പുരുഷാർത്ഥത്തിന്റെ ഗതിയെ വർദ്ധിപ്പിക്കുന്ന തീവ്ര പുരുഷാർത്ഥിയായി ഭവിക്കൂ.

ഹോ ലീ എന്നാൽ ഏത് കാര്യമാണോ സംഭവിച്ചത്, കഴിഞ്ഞു പോയത് അതിനെ പൂർണമായും അവസാനിപ്പിക്കുക. കഴിഞ്ഞതിനെ അവസാനിപ്പിച്ച് മുന്നോട്ട് ഉയരുക ഇതാണ് ഹോളി ആഘോഷിക്കൽ. കഴിഞ്ഞ കാര്യം ഏതോ പഴയ ജന്മത്തിലെ കാര്യമാണെന്ന് അനുഭവപ്പെടണം. എപ്പോൾ ഈ സ്ഥിതി ഉണ്ടാകുന്നുവോ അപ്പോൾ പുരുഷാർത്ഥത്തിന്റെ ഗതി വർദ്ധിക്കുന്നു. അതിനാൽ തന്റെയോ മറ്റുള്ളവരുടേയോ കഴിഞ്ഞ് പോയ കാര്യത്തെ ചിന്തയിൽ കൊണ്ട് വരരുത്, മനസിൽ വെയ്ക്കരുത്, ഒരിക്കലും വർണ്ണിക്കരുത്, അപ്പോൾ മാത്രമേ തീവ്രപുരുഷാർത്ഥിയായി മാറാൻ കഴിയൂ.

## സ്ലോഗൻ – എന്റേതെന്നതിന്റെ അനേക ബന്ധനങ്ങളെ സമാപ്തമാക്കുക തന്നേയാണ് ഫരിസ്തയാവുക.